**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2615** **17-03-2022 - ല്‍ മറുപടിയ്ക്ക്**

**ഹാന്റെക്സിന്റെ വിപണി മെച്ചപ്പെടുത്തല്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | null<br>(നിയമം, വ്യവസായം, കയര്‍ വകുപ്പ് മന്ത്രി) | |
| (എ) | ഹാന്റെക്സിന്റെ വിപണി മെച്ചപ്പെടുത്തുന്നതിനും നൂതന സാങ്കേതിക വിദ്യയുടെ പ്രയോഗം സാധ്യമാക്കി ഉല്‍പ്പന്നങ്ങളുടെ ഗുണനിലവാരം ഉയര്‍ത്തുന്നതിനും ഈ സര്‍ക്കാര്‍ നടത്തിയ പ്രവര്‍ത്തനങ്ങള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (എ) | ഹാന്റക്സിന്റെ വിപണി മെച്ചപ്പെടുത്തുന്നതിന് വില്പനശാലകളുടെ നവീകരണം പ്രധാനമായി ലക്ഷ്യമിടുന്നു. ആയതു പ്രകാരം പെരിന്തല്‍മണ്ണ ഷോറൂം നവീകരിക്കുന്നതിന് 40 ലക്ഷം രൂപ സര്‍ക്കാര്‍ അനുവദിച്ചു നല്‍കിയിട്ടുണ്ട്. ഓണ്‍ലൈന്‍ മാര്‍ക്കറ്റിംഗ് വിപുലപ്പെടുത്തുന്നതിന് കേരള ഡിജിറ്റല്‍ യൂണിവേഴ്സിറ്റിയുമായി ചേര്‍ന്ന് e-commerce platform നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിപണിയുടെ ആവശ്യകത അനുസരിച്ച് വികസിപ്പിച്ച പുതിയ പാറ്റേണിലുള്ള കളറും ഡിസൈനും സമന്വയിപ്പിച്ച കുത്താംപുള്ളി സാരികള്‍, ബാലരാമപുരം സാരികള്‍, ഹാന്റക്സ് റെഡിമെയ്ഡ് ഷര്‍ട്ടുകള്‍ എന്നിവ നിര്‍മ്മിച്ചു വരുന്നു. |

സെക്ഷന്‍ ഓഫീസര്‍